**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 237** **10-03-2025 - ൽ മറുപടിയ്ക്ക്**

**കാട്ടുതീ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. കെ. ബഷീർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ അനുഭവപ്പെടുന്ന തീവ്ര വരൾച്ച കാരണം കാട്ടുതീ പടർന്ന് പിടിക്കാനുള്ള സാധ്യത ഏറെയാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | തീവ്രമായ ഉഷ്ണം കാരണം കാട്ടുതീ പടർന്ന് പിടിക്കാനുള്ള സാധ്യത ഏറെയാണ്. മുൻകാല ഫയർ ഇൻസിഡന്റുകളുടെ അടിസ്ഥാനത്തിൽ വനമേഖലയെ തീ കത്തുന്നതിന് കൂടുതൽ സാധ്യതയുള്ള മേഖല, മിതമായ സാധ്യതയുള്ള മേഖല, സാധ്യതയില്ലാത്ത മേഖല എന്നിങ്ങനെ തരംതിരിച്ച് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | കാട്ടുതീ പടർന്നു പിടിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | കാട്ടുതീ ഉണ്ടാകുവാൻ ഏറെ സാദ്ധ്യതയുള്ള പ്രദേശങ്ങളുടെ സ്കെച്ച്/വിവരങ്ങൾ Highly Fire Prone, Moderately Fire Prone & Low Fire Prone എന്ന് തിരിച്ച് ബ്ലോക്കു തലത്തിൽ തയ്യാറാക്കിയ ഫയർ മാനേജ്മെന്റ് പ്ലാനുകൾ ഡിവിഷൻ തലത്തിൽ ക്രോഡീകരിച്ച് സർക്കിൾ തലത്തിൽ പരിശോധിച്ച് അംഗീകരിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നിലവിൽ നടത്തി വരുന്നത്. കാട്ടുതീ പടർന്നു പിടിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1) വനംവകുപ്പ് ആസ്ഥാനത്ത് ഫയർ സെൽ പ്രവർത്തിച്ചുവരുന്നു. ഡിവിഷൻ, റെയിഞ്ച് തലങ്ങളിൽ ഫയർ കൺട്രോൾ റൂമുകൾ എല്ലാ സർക്കിളിനു കീഴിലും പ്രവർത്തനം നടത്തി വരുന്നു. ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യ (FSI) മുഖാന്തിരം ലഭിക്കുന്ന ഫയർ അലർട്ടുകൾ വനംവകുപ്പാസ്ഥാനത്തെ ഫയർസെല്ലിൽ നിന്നും യഥാസമയം ഡിവിഷൻ, സർക്കിൾ തല ഫയർ കൺട്രോൾ റൂമുകളിൽ നൽകുകയും തുടർനടപടി സ്വീകരിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | 2) കാട്ടുതീ ഉണ്ടാകുന്നതിന് തീവ്രസാധ്യതയുള്ള മേഖലകളിൽ കുറഞ്ഞ തോതിൽ മുൻകൂർ കത്തിക്കൽ, നിയന്ത്രിത കത്തിക്കൽ, കൂടുതൽ ഫയർലൈയിനുകൾ സൃഷ്ടിക്കൽ, ഫയർ വാച്ചർമാരെ സുരക്ഷക്കായി നിയോഗിക്കൽ എന്നിവ ചെയ്തുവരുന്നു.<br><br>3) വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റി പോകുന്നത് തടയാനും ജലലഭ്യത ഉറപ്പാക്കാനും പുതിയ കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുകയും പഴയ കുളങ്ങളും ചെക്ക് ഡാമുകളും നവീകരിക്കുകയും ചെയ്തു വരുന്നു. മണ്ണ് സംരക്ഷിച്ച് ജലാംശം നിലനിർത്തുന്നതിന് ഗള്ളി പ്ലഗ്ഗിങ്ങുകൾ നടത്തുന്നു.<br><br>4) പൊതുജനങ്ങൾക്കും ജീവനക്കാർക്കും ബോധവൽക്കരണ ക്ലാസുകളും റാലികളും സംസ്ഥാനമൊട്ടാകെ നടത്തിവരുന്നു. ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയിലൂടെ ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്നു.<br><br>5) ഫയർ പട്രോളിംഗ് ശക്തമാക്കി എല്ലാ ജീവനക്കാരും വാച്ചർമാരും കാട്ടുതീ പടരുവാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നു.<br><br>6) പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി EDC/VSS അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ലൈനുകൾ തെളിക്കുകയും ഗാങ്ങുകൾ രൂപീകരിച്ച് ആവശ്യാനുസരണം കാട്ടുതീ സാദ്ധ്യതയുള്ള മേഖലകളിലേക്ക് നിയോഗിക്കുകയും ചെയ്തുവരുന്നു.<br><br>7) സാമൂഹ്യ വിരുദ്ധർ വനപ്രദേശത്ത് പ്രവേശിക്കുന്നത് തടയുന്നതിന് സ്റ്റാഫിന്റെ പട്രോളിംഗ് ശക്തമാക്കുകയും താൽക്കാലിക വാച്ച്ടവർ ഉൾപ്പെടെ നിർമ്മിച്ച് നിരീക്ഷണം ശക്തമാക്കുകയും ചെയ്തുവരുന്നു. |
| (സി) | 2024-25-ൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ കാട്ടുതീ മൂലം വനസമ്പത്തിലുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | കാട്ടുതീ മൂലം വനസമ്പത്തിന് സ്ഥായിയായ നഷ്ടം ഉണ്ടാകുന്നില്ല. കാട്ടുതീ ഉണ്ടാകുന്നത് കൂടുതലും പുൽമേടുകളിലും, അടിക്കാടുകളിലുമാണ്. അടുത്ത മഴക്കാലത്ത് ഇവയെല്ലാം വീണ്ടും തളിർത്ത് വരുന്നതിനാൽ കാട്ടുതീ വനനഷ്ടം ഉണ്ടാക്കുന്നതായി കണക്കാക്കാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ